

THURSDAY 06.07.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/07/2023.

1. എല്ലാ വർഷവും കൃഷി വകുപ്പ് തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് നടീൽ വസ്തുക്കളുടെ വിതരണവും കർഷകസഭകളും നടത്തി വരുന്നു. ഈ വർഷത്തെ കർഷക സഭ, ഞാറ്റുവേല ചന്ത പദ്ധതിയുടെ സംസ്ഥാനതല സമാപന പരിപാടി ജൂലൈ 3 മുതൽ 6 വരെ തിരുവനന്തപുരം പൂജപ്പുര മൈതാനിയിൽ സംഘടിപ്പിച്ചിരിക്കുന്നു. ഈ പരിപാടിയോടനുബന്ധിച്ച് പ്രദർശന വിപണന മേള സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ സമാപന സമ്മേളനം ജൂലൈ 6 ന് വൈകിട്ട് 5.30 പൂജപ്പുര സരസ്വതി മണ്ഡപത്തിൽ വച്ച് പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു.

2. മഴക്കാലക്കെടുതിമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി കേരളത്തിലെ എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. പ്രസ്തുത കൺട്രോൾ റൂമുകളുടെ ഫോൺ നമ്പറുകൾ ചുവടെചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | 9446289277 | 9562435768 |
| 2 | കൊല്ലം | 9447905620 | 9497158066 |
| 3 | പത്തനംതിട്ട | 9446041039 | 9446324161 |
| 4 | ആലപ്പുഴ | 7559908639 | 9539592598 |
| 5 | കോട്ടയം | 9446333214 | 7561818724 |
| 6 | എറണാകുളം | 8921109551 | 9496280107 |
| 7 | തൃശ്ശൂർ | 9495132652 | 8301063659 |
| 8 | ഇടുക്കി | 9447037987 | 8075990847 |
| 9 | പാലക്കാട് | 8547395490 | 9074144684 |
| 10 | മലപ്പുറം | 9744511700 | 9446474275 |
| 11 | കോഴിക്കോട് | 9847402917 | 9383471784 |
| 12 | വയനാട് | 9495622176 | 9495143422 |
| 13 | കണ്ണൂർ | 9383472028 | 9495887651 |
| 14 | കാസർഗോഡ് | 9446413072 | 7999829425 |

3. 2023-24 വർഷത്തേയ്ക്കുള്ള സംസ്ഥാന കർഷക അവാർഡുകൾക്ക് കൃഷി വകുപ്പ് അപേക്ഷ ക്ഷണിച്ചു. മിത്രാ നികേതൻ പത്മശ്രീ. കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്, സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ, യുവ കർഷക, യുവ കർഷകൻ, കേര കേസരി, ഹരിതമിത്ര, കർഷക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജ്യോതി. കർഷകതിലകം (വനിത) ശ്രമശക്തി, ക്ഷോണീസംരക്ഷണ, മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര്, പൈതൃക കൃഷി/ വിത്ത് വിതരണം/ സംരക്ഷണം/വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര്, മികച്ച റസിഡന്റ് അസോസിയേഷൻ, ഹൈടെക് കർഷകൻ, കർഷക തിലകം, (സ്കൂൾ വിദ്യാർത്ഥിനി), കർഷക പ്രതിഭ (സ്കൂൾ വിദ്യാർത്ഥി) മികച്ച ഹയർസെക്കൻഡറി സ്കൂൾ കർഷക പ്രതിഭ, മികച്ച കലാലയ കർഷക പ്രതിഭ, മികച്ച ഫാം ഓഫീസർ, മികച്ച ജൈവ കർഷകൻ, മികച്ച തേനീച്ച കർഷകൻ, മികച്ച കൂൺ കർഷകൻ, തുടങ്ങിയ അവാർഡുകൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. മികച്ച കൃഷി ഭവനുള്ള അവാർഡിനൊപ്പം മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനം ഉൽപാദന മേഖലയിലും സേവനമേഖലയിലെയും മൂല്യവർദ്ധിത മേഖലയിലെയും മികച്ച കൃഷിക്കൂട്ടങ്ങൾക്കും മികച്ച പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘത്തിനുമാണ് (PACS) പുതുതായി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിത്. വി.വി. രാഘവൻ മെമ്മോറിയൽ അവാർഡിന് പുറമേ ഏറ്റവും മികച്ച ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കുള്ള മിത്രാനികേതൻ പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ് ഏറ്റവും മികച്ച കർഷകനുള്ള സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് എന്നിവയാണ് പുരസ്കാരങ്ങളിൽ വ്യക്തികളുടെ സ്മരണാർത്ഥം നൽകുന്നത് കൂടാതെ മികച്ച ചക്ക സംസ്കരണ കർഷകൻ/ ഗ്രൂപ്പുകൾ, പച്ചക്കറി കൃഷി പദ്ധതി, ജൈവ കൃഷി പദ്ധതി പ്രകാരമുള്ള അവാർഡുകൾക്കും കർഷകരുടെ കണ്ടുപിടുത്തങ്ങൾക്കുള്ള ഇന്നവേഷൻ അവാർഡ്, മികച്ച കയറ്റുമതി സംരംഭകൻ ഗ്രൂപ്പുകൾ മികച്ച വിളവെടുപ്പാനന്തര പരിചരണ മുറകൾ നടത്തുന്ന കർഷകർ, ഗ്രൂപ്പുകൾ എന്നീ അവാർഡുകൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ ഇടുക്കി ജില്ലയിലെ കൃഷി ഭവനുകളിൽ 2023 ജൂലൈ 7 വരെ സ്വീകരിക്കുന്നതായിരിക്കും. കൃഷി ഭവനും പഞ്ചായത്തിനും കർഷകരെ വിവിധ അവാർഡുകൾക്കായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ക്ഷോണി സംരക്ഷണ അവാർഡിനുള്ള അപേക്ഷകൾ അതാത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കും കർഷക ഭാരതി അവാർഡിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോക്കുമാണ് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.fibkerala.gov.in, www.keralaagriculture.gov.in എന്നീ വെബ്സൈറ്റിൽ ലഭ്യമാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിൽ വാണിജ്യ പുഷ്പകൃഷി, പൂന്തോട്ടപരിപാലനവും ലാൻഡ് സ്കേപിങ്ങും, വാണിജ്യാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ, ശുദ്ധജല മൽസ്യ കൃഷി, നഴ്സറി പരിപാലനവും സസ്യ പ്രവർദ്ധന മാർഗങ്ങളും എന്നീ പ്രായോഗിക പരിശീലന പരിപാടികൾ 2023 ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്നു. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 ഓഫിസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപെടുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

6. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

7. എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മണീട് കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്ന കാർഷിക യന്ത്ര സേവന കേന്ദ്രത്തിൽ അഗ്രിക്കൾച്ചറൽ ടെക്നീഷ്യന്മാരായി നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും, മണീട് ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ള 18 വയസ്സു മുതൽ 55 വയസ്സു വരെ പ്രായ പരിധിയിൽ ഉള്ളവരായിരിക്കണം. അപേക്ഷയോടൊപ്പം ആധാർ കാർഡ് / റേഷൻ കാർഡ്/ വോട്ടേഴ്സ് ഐഡി എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷകൾ 16/07/2023 തിങ്കളാഴ്ച പകൽ 4 മണിക്കുള്ളിൽ കൃഷിഭവനിൽ ലഭ്യമായിരിക്കണം. അപേക്ഷ ഫാറം കൃഷിഭവനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി 0485-2267974, 9495572543 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ്

സാമ്പിളു കൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

9. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഈ മാസം 7 ന് പച്ചക്കറി കൃഷിയും രോഗകീട നിയന്ത്രണവും എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻതാൽപ്പര്യമുള്ളവർ 6282937809, 0466 2912008,0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം